തൊണ്ടുതല്ലു മെഷീനുകൾ

*207 [222] ശ്രീ. കല്ലട നാരായണൻ:
,, ത്യാഗരാജൻ:
,, ആർ. എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമവിധേയമായി എത്തെല്ലാം ജില്ലകളിൽ തൊണ്ടുതല്ലു മെഷീനുകൾ പ്രവർത്തിക്കുന്നുണ്ടെന്നു ദയവായി വ്യക്തമാക്കുമോ;

(ബി) തൊണ്ടുതല്ലു മെഷീൻ സ്ഥാപിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്താണെന്നു വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ തൊണ്ടുതല്ലു മെഷീനുകൾ നിയമവിധേയമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ഏർപ്പെടുത്തിയിരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ തൊണ്ടുതല്ലു മെഷീനുകൾ പാടേ നിരോധിച്ചിട്ടുണ്ടായിരുന്നു. നിയമവിധേയമായി തൊണ്ടുതല്ലു മെഷീനുകൾ പ്രവർത്തിക്കുന്ന ജില്ലകളിലും കൂടുതൽ മെഷീനുകൾ സ്ഥാപിക്കുന്നത് 1974 ജൂൺമാസം മുതൽ നിരോധിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കയർ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വർക്കേഴ്സ് കോ-ഓപ്പറേറീവ് സൊസൈറ്റികൾക്കും ഗവൺമെൻറ് അധീനത്തിലുള്ള യൂണിറ്റുകൾക്കും തൊണ്ടുതല്ലു മെഷീനുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കയറുമതി ആവശ്യങ്ങൾക്കായി ഉണക്കത്തൊണ്ടിൽനിന്നുമാത്രം ചകിരിയെടുക്കുന്നതിനു മെഷീനുകൾ സ്ഥാപിക്കുവാൻ പല വ്യക്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ നിയന്ത്രണ ഉത്തരവുകൾ എല്ലാം ഡി. ഐ. ആർ. അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രകാരമാണ് നൽകിയിരുന്നത്. എന്നാൽ 1977 സെപ്റ്റംബറിനുശേഷം ഡി. ഐ. ആർ. പ്രാബല്യത്തിൽ ഇല്ലാത്തതുകൊണ്ട് ഈ നോട്ടിഫിക്കേഷൻ അസാധുവായിത്തീർന്നതിനാൽ തൊണ്ടുതല്ലു മെഷീനുകൾ സ്ഥാപിക്കാൻ ആർക്കും ഗവൺമെൻറ് അനുമതി നൽകുന്നില്ല.

അപ്പോളോ ടയേഴ്സിൻെറ പ്രവർത്തനത്തെപ്പറ്റിയുള്ള അന്വേഷണക്കമ്മീഷൻെറ റിപ്പോർട്ട്

*208 [223] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പോളോ ടയേഴ്സിൻെറ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കാൻ കേന്ദ്രത്തിൽനിന്നു കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ;

(ബി) ഈ കമ്മിറ്റി റിപ്പോർട്ട് കേന്ദ്രത്തിൽ സമർപ്പിച്ച വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മിറ്റിയുടെ നിഗമനങ്ങൾ എന്തൊക്കെയാണ് ;

(ഡി) 1978 ജൂലായ് 31 വരെ ആകെ മുതൽ 133.17 ലക്ഷം ക. ഉണ്ടായിരുന്നപ്പോൾ കമ്പനിക്കുവന്ന നഷ്ടം 368 ലക്ഷമായിരുന്നുവെന്ന് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഈ) ഈ വിവരം ഗവൺമെൻറു പ്രതിനിധികളായി കമ്പനിയിൽ ഉണ്ടായിരുന്നവർ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നുവോ;

(എഫ്) പൊതുജനങ്ങളുടെ പണം ഇത്തരത്തിൽ ധൂർത്തടിക്കാൻ കൂട്ടുനിന്ന ഗവൺമെൻറു പ്രതിനിധികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ മാതൃകാപരമായ ശിക്ഷാ നടപടികൾ എടുക്കുമോ;

(ജി) ഈ കാലയളവിൽ ഗവൺമെൻറു ഡയറക്ടർമാരായ ഉദ്യോഗസ്ഥൻമാരുടെ പേരുകളും അവരുടെ ഉദ്യോഗപ്പേരും വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) നിയോഗിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) (1) കമ്പനിയുടെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുക.

(2) കമ്പനിയുടെ ഭരണത്തിൽ പരിശീലനവും കഴിവും സിദ്ധിച്ചിട്ടുള്ള ആളായിരിക്കണം മാനേജിംഗ് ഡയറക്ടർ. പ്രസ്തുത ഉദ്യോഗസ്ഥൻ ഈ കമ്പനിയുടെ മാത്രം കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്ന ആളുമായിരിക്കണം.

(3) ഈ കമ്പനിയുടെ മാർക്കറ്റിംഗ് ഡിവിഷൻ കൊച്ചിയിൽ സ്ഥാപിക്കണം.

(4) കമ്പനിക്ക് സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങൾ അവ നൽകുമ്പോഴുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കണം.

(5) സ്റ്റേറ്റു ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു പ്രതിനിധിയെ കമ്പനിയുടെ ബോർഡിലും മാനേജ്മെൻറ് കമ്മിറ്റിയിലും നിയമിക്കണം.

(6) ധനസഹായം ചെയ്യുന്ന സ്ഥാപനങ്ങൾ ഈ കമ്പനിയുടെ 1978-79 ലെ പുരോഗതിയെക്കുറിച്ച് നിരീക്ഷിക്കേണ്ടതാണ്.

(ഡി) ഉണ്ട്.

(ഈ) ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു.

(എഫ്) ചോദ്യം 'ഇ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) (1) 1977 സെപ്റ്റംബർവരെ ശ്രീ. സി. കെ. കെ. പണിക്കർ അന്നത്തെ അഡീഷണൽ സെക്രട്ടറി, ഫൈനാൻസ്. 1977 സെപ്റ്റംബർ മുതൽ ശ്രീ. എം. മോഹൻകുമാർ, അഡീഷണൽ സെക്രട്ടറി, ഫൈനാൻസ്.

(2) ശ്രീ. എസ്. അനന്തകൃഷ്ണൻ, അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly